LIBRARY ARCHIVES Kerala Legislative Assembly

അനധികൃത സ്പിരിറ്റ് കടത്ത് പിടിക്കുവാൻ അൾട്രാ മോഡേൺ ഇലക്ട്രോണിക് ഉപകരണങ്ങൾ

*10 [893] ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
„ എൻ. ശക്തൻ:
„ ജോർജ് ജെ. മാത്യു:
„ തേറമ്പിൽ രാമകൃഷ്ണൻ:
„ പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക സജ്ജീകരണങ്ങളുള്ള ചരക്ക് വണ്ടികളും, ടാങ്കർ ലോറികളും മുഖേന അനധികൃതമായി കടത്തുന്ന സ്പിരിറ്റ് പിടിക്കുവാൻ എക്സൈസ് പോലീസ് വകുപ്പുകളിലെ ബന്ധപ്പെട്ടവർക്ക് എന്തെല്ലാം ആധുനിക സജ്ജീകരണങ്ങളാണ് നൽകിയിട്ടുള്ളത്;

(ബി) അവർക്ക് ഇതിനുവേണ്ടി എന്തെല്ലാം പരിശീലനം നൽകിയിട്ടുണ്ട്;

(സി) അവർക്ക് അൾട്രാ മോഡേൺ ഇലക്ട്രോണിക് ഉപകരണങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ—സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണത്തിനായി ഓരോ വർഷവും ബഡ്ജറ്റിൽ അഞ്ചുകോടി രൂപാവീതം വകയിരുത്തുകയും അത്യാവശ്യ നവീകരണപ്രവർത്തനങ്ങൾ നടത്തിവരുകയും ചെയ്യുന്നുണ്ട്. വകുപ്പിന് അവശ്യം ആവശ്യമായ സംവിധാനങ്ങളാണ് ഇപ്പോൾ നടപ്പാക്കിവരുന്നത്. അതുകൊണ്ട് സ്പിരിറ്റ് കടത്തൽ പിടിക്കുവാൻ ഏർപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥർക്ക് അൾട്രാ മോഡേൺ ഉപകരണങ്ങൾ നൽകുവാൻ സാധിച്ചിട്ടില്ല. എങ്കിലും പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് വാഹനപരിശോധന കർശനമായും, കാര്യക്ഷമമായും നടത്തുന്നുണ്ട്. ചെക്ക്പോസ്റ്റുകൾ ആധുനീകരിക്കുന്നതിനും നടപടിയെടുത്തുവരുന്നു.

വർദ്ധിച്ചുവരുന്ന റവന്യൂക്കമ്മിയും ധനക്കമ്മിയും കുറച്ചുകൊണ്ടു വരുന്നതിന് നടപടി

*11 [894] ശ്രീ. ടി. കെ. ദേവകുമാർ:
ഡോ. തോമസ് ഐസക്:
ശ്രീ. ടി. കെ. ബാലൻ:
„ കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചു വരുന്ന റവന്യൂക്കമ്മിയും ധനക്കമ്മിയും കുറച്ചു കൊണ്ടു വരുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് കഴിഞ്ഞ വർഷവും ഈ വർഷവും നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിലേക്കായി കേന്ദ്ര സർക്കാരും ഏഷ്യൻ ഡവലപ്മെന്റ് ബാങ്കും എന്തെങ്കിലും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അവ എന്താണെന്നും അതിന്മേൽ സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണ് എന്നും വ്യക്തമാക്കുമോ;

(സി) റവന്യൂക്കമ്മിയും ധനക്കമ്മിയും കൂടിവരുന്നതിനുള്ള കാരണങ്ങൾ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇപ്പോഴത്തെ തോതിൽ ആണെങ്കിൽ 2006 ഏപ്രിൽ മാസത്തോടെ സംസ്ഥാനത്തിന്റെ റവന്യൂക്കമ്മിയും ധനക്കമ്മിയും എത്രയായിരിക്കുമെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) റവന്യൂ വരുമാനം വർദ്ധിപ്പിക്കാനും റവന്യൂ ചെലവുകൾ പരമാവധി ചുരുക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചെലവു ചുരുക്കുന്നതിനായി ഇതിനകംതന്നെ പല ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കാനുള്ള വിഹിതവും സഹായവും കൃത്യമായി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇടക്കാല സാമ്പത്തിക പരിഷ്ക്കരണ പരിപാടിപ്രകാരം റവന്യൂക്കമ്മിയും ധനക്കമ്മിയും ക്രമേണ കുറച്ചുകൊണ്ട് 2005 ആകുമ്പോഴേക്കും റവന്യൂക്കമ്മി പൂർണ്ണമായും ഇല്ലാതാക്കുകയാണ് ലക്ഷ്യം.

(ബി) ഇടക്കാല സാമ്പത്തിക പരിഷ്ക്കരണ പരിപാടിയുടെ രൂപരേഖപ്രകാരം അഞ്ചു വർഷംകൊണ്ട് റവന്യൂക്കമ്മി ഇല്ലാതാക്കാൻ സംസ്ഥാനം ഉദ്ദേശിക്കുന്നു. റവന്യൂക്കമ്മിയും ധനക്കമ്മിയും കുറയ്ക്കാൻ ഏഷ്യൻ വികസന ബാങ്കും, കേന്ദ്ര സർക്കാരും നിർദ്ദേശം സമർപ്പിച്ചിട്ടില്ല.

(സി) ഉണ്ട്. പലിശയിനത്തിലും, പെൻഷൻ ഇനത്തിലും നൽകേണ്ടിവന്ന അധിക ചെലവും കേന്ദ്ര സഹായമായി പ്രതീക്ഷിച്ചിരുന്ന സഹായം ആ തോതിൽ ലഭിക്കാതിരുന്നതും കമ്മി വർദ്ധിക്കാൻ കാരണമായി.

(ഡി) നടപ്പു നിയമസഭയിൽ അവതരിപ്പിച്ചിട്ടുള്ള ധനകാര്യ ഉത്തരവാദിത്ത ബിൽ പ്രകാരം 2007 മാർച്ച് മാസത്തോടെ റവന്യൂക്കമ്മി ഇല്ലാതാക്കാനും ധനക്കമ്മി എസ്.ഡി.പി.-യുടെ 1.5% ആയി നിജപ്പെടുത്താനും ഉദ്ദേശിക്കുന്നു.

മധുരക്കള്ളിൽനിന്ന് 'കേരസുധ'

*12 [895] ശ്രീ. തോമസ് ചാഴികാടൻ:
,, കെ. നാരായണക്കുറുപ്പ്:
,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മധുരക്കള്ളിൽനിന്ന് 'കേരസുധ' എന്ന ആരോഗ്യ പാനീയം വികസിപ്പിച്ചെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത് സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly